**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1238** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ബീയ്യം കായൽ-നൂറടിത്തോട് ഇന്റർ ലിങ്കിംഗ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കൃഷി വകുപ്പ് മേൽനോട്ടം വഹിക്കുന്ന ബീയ്യം കായൽ-നൂറടിത്തോട് ഇന്റർ ലിങ്കിംഗ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** ഭാരതപ്പുഴയിൽ നിന്നും വെള്ളം ബിയ്യം കായലിൽ എത്തിക്കുന്ന ഭാരതപ്പുഴ-ബിയ്യം കായൽ ഇന്റർലിങ്കിംഗ് പദ്ധതി ഇറിഗേഷൻ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്നു. ഇത് 40% പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഏറ്റവും താഴെ നിലനിൽക്കുന്ന ബിയ്യം കായലിൽ നിന്നും വെള്ളം കോൾ മേഖലയിലെ വിവിധഭാഗങ്ങളിൽ എത്തിക്കുന്നതിനുള്ള ഹൈഡ്രോളജിക്കൽ പഠനം തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിനെ കൊണ്ട് നടത്തുന്നതിനുള്ള ധാരണാപത്രം ഒപ്പിടുന്നതിന് കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ 07/04/2025-ലെ പൊന്നാനി കോൾ അവലോകനയോഗത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. 60 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പ്രവൃത്തിയുടെ ഫണ്ട് വിവിധ പഞ്ചായത്തുകൾ മുഖേന സ്വരൂപിക്കുന്നതിന് പെരുമ്പടപ്പ് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ഇതിൽ 30 ലക്ഷം രൂപ കെ.എൽ.ഡി.സി-യ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന തുക കൂടി കൈമാറി ലഭിക്കുന്ന മുറയ്ക്ക് ധാരണാപത്രം ഒപ്പുവച്ച് ഹൈഡ്രോളിക്കൽ പഠനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി കെ.എൽ.ഡി.സി സ്വീകരിച്ചുവരുന്നു.

**(ബി)** പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഭാരതപ്പുഴയിൽ നിന്നും വെള്ളം ബിയ്യം കായലിൽ എത്തിക്കുന്ന ഭാരതപ്പുഴ-ബിയ്യം കായൽ ഇന്റർലിങ്കിംഗ് പദ്ധതി ഇറിഗേഷൻ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്നു. ഇത് 40% പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഏറ്റവും താഴെ നിലനിൽക്കുന്ന ബിയ്യം കായലിൽ നിന്നും വെള്ളം കോൾ മേഖലയിലെ വിവിധഭാഗങ്ങളിൽ എത്തിക്കുന്നതിനുള്ള ഹൈഡ്രോളജിക്കൽ പഠനം തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിനെ കൊണ്ട് നടത്തുന്നതിനുള്ള ധാരണാപത്രം ഒപ്പിടുന്നതിന് കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ 07/04/2025-ലെ പൊന്നാനി കോൾ അവലോകനയോഗത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. 60 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പ്രവൃത്തിയുടെ ഫണ്ട് വിവിധ പഞ്ചായത്തുകൾ മുഖേന സ്വരൂപിക്കുന്നതിന് പെരുമ്പടപ്പ് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ഇതിൽ 30 ലക്ഷം രൂപ കെ.എൽ.ഡി.സി-യ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന തുക കൂടി കൈമാറി ലഭിക്കുന്ന മുറയ്ക്ക് ധാരണാപത്രം ഒപ്പുവച്ച്

ഹൈഡ്രോളിക്കൽ പഠനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി കെ.എൽ.ഡി.സി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**